ന്നാൽ പത്തിനഞ്ചോ, പതിനാറോ സമുദായങ്ങൾക്കും ബേക്കവേർഡ് കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ടുംഎന്നോക്കേണ്ടതാണ്. B.C.എന്നു പറഞ്ഞാൽ വെളുക്കിത്തലയൻ, ദേവദാസി മുതലായപല ആളുകളും അതിലുൾപ്പെട്ടും. തീണ്ടലുംകൂടിയുള്ള ചില സമുദായങ്ങളും അതിലുൾപ്പെട്ടും. അതുകൊണ്ട് പിന്നോക്കസമുദായത്തിൽ പറിക്കുന്ന കുട്ടികളുടെ കായ്ത്തിൽ ലിബറലായിട്ടുള്ള ഒരു നില എടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. മഹാരാജാസ് കോളേജിൽ എല്ലാ മുസ്ലിമിങ്ങൾക്കും പ്രവേശനം നൽകുന്നതുപോലേയുള്ള ഉദാരമായ ഒരു നില ബാക്കവേർഡ് കമ്മ്യൂണിറ്റിസിന്റെ കായ്ത്തിലും സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന രീതിയിലായാൽ ഈ സമുദായങ്ങളിൽ പലതിനും തീരെ പ്രവേശനം കിട്ടിയില്ലെന്നതന്നെവരും. അങ്ങിനെ കിട്ടാത്തതായിട്ടുള്ള ഉദാഹരണങ്ങൾ ഉണ്ട്. ഒന്നു ഞാൻ നേരത്തെ ഇവിടെ പറഞ്ഞുകഴിഞ്ഞു. അമ്പതിനായിരത്തോളം വരുന്ന കമ്മാളസമുദായത്തിലെ ഒരു കുട്ടി മാത്രമാണ് അപേക്ഷ അയച്ചതു്. എന്നാൽ ആ കുട്ടിക്ക അഡ്മിഷൻ കിട്ടിയില്ല—അതുകൊണ്ട് ഈ അഡ്മിഷനെ സംബന്ധിച്ചു കുറച്ചുകൂടി ലിബറലായി ഒരു നയം സ്വീകരിച്ചു പെരുമാറണമെന്നൊരപേക്ഷയും ചെയ്യാൻ ഞാനീയവസരം വിനിയോഗിക്കുന്നു. പകുതിഫീസിന്റെ കായ്ത്തിൽ സെൻറ് അൽബർട്ട്സ് കോളേജിലെ ബി. എ. ക്ലാസ്സിൽ ഇക്കൊല്ലം ചേർന്നിട്ടുള്ള കുട്ടികൾക്കു ഫീസ്സ് ഇളവുകൊടുക്കാൻ ഉടനെ നടപടി എടുക്കണം. എല്ലാ കോളേജുകളിലും അർഹരായ പിന്നോക്കസമുദായവിദ്യാർത്ഥികൾക്കു പകുതി ഫീസു അനുവദിച്ചുകൊടുക്കുകയാണ് വേണ്ടതു്. പണക്കാരുടെ കുട്ടികൾക്കുവേണ്ടി ലക്ഷക്കണക്കിനു പണം ചിലവുചെയ്തു പുതിയ കോളേജുകൾ സൃഷ്ടിക്കുമ്പോൾ പാവപ്പെട്ടവരുടെ കുട്ടികൾക്ക അതിൽ ഗുണം അനുഭവിക്കാൻ കുറെയൊക്കെ ഇടയാകേണ്ടതാണ്. ആ വഴിയിലുള്ള ഒരു തുച്ഛമായ സഹായമാണ് ഈ പകുതി ഫീസിളവും. അതു് അവക്കെല്ലാം അനുവദിക്കണമെന്നു പറയുമ്പോൾ ചിലവിന്റെ കായ്യം പൊക്കിക്കൊണ്ടുവരുന്നതു ശരിയല്ല എന്നു പറയാതെ നിവർത്തിയില്ല. കഴിഞ്ഞയാണ്ടത്തെമാതിരി പകുതി ഫീസിളവുനല്കാൻ കുറേകരമായ താമസം ഈയാണ്ടിലെങ്കിലും കൂടാതെ കഴിക്കേണ്ടതാണെന്നുംകൂടി പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞയാണ്ടത്തെ നിണ്ടകാലതാമസത്തിനുത്തരവാദികൾ ആരാണെന്നറിഞ്ഞുകൂടാ. അരായാലും വലിയ തെറ്റുകാർതന്നെ. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തൃപ്തികരമല്ലെങ്കിലുംകൂടി ഞാൻ ഉന്നയിച്ച സംഗതികൾ ഔദ്യോഗ്യപൂർവ്വം പുനരാലോചനചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു ഈ പ്രമേയം പിൻവലിക്കുവാൻ ഞാൻ അനുഗ്രഹിക്കുന്നു.

Resolution, by leave, withdrawn

(6) Construction of a bridge at Kattoor

മിസ്റ്റർ കെ. എസ്സ്. പണിക്കർ: *"This Council recommends to Government to construct a bridge at Kattoorr Ferry to connect Trichur and Mukundapuram Taluks."*

ഇതാണ് എന്റെ പ്രമേയം. സർ, ഈ പ്രമേയത്തിനു ഉദ്ദേശം [illegible] കൊല്ലത്തെ പഴക്കം ഈ നിയമസഭയിൽ ഉണ്ട്. [illegible]-ലും, [illegible]-ലും ഇതിനെ സംബന്ധിച്ചു ഗവൺമെണ്ടു് അനുകൂലമായ മറുപടി പറഞ്ഞിട്ടുണ്ട്. ഇതിനനുകൂലമായ മറുപടി കിട്ടിയിട്ടും ഇതുവരേയും അതിന്റെ പണി നടത്തികാണാത്തതിനാലാണ് ഞാൻ വീണ്ടും ഒരു പ്രമേയംമൂലം ഇപ്പോഴും ഗവൺമെണ്ടു് ശ്രദ്ധയിൽ കൊണ്ടുവരുന്നതു്. ഈ പാലത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചു പല പ്രാവശ്യവും ഈ നിയമസഭയിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽകൂടി ഞാൻ പ്രസ്താവിക്കാം. കുമ്പിലാവു്, പരുപ്പിൽ, ചിറക്കൽ, വടക്കുംമുറി, ഇഞ്ചമുടി, കരുപ്പാടം, ചിറമവേലി, കണ്ണംതുരുത്തി, പഴവിൽ മുതലായ പ്രദേശങ്ങളിലുള്ള ജനങ്ങൾക്കു് വൈദ്യസഹായത്തിനുള്ള ആസ്പത്രി, കുട്ടികളുടെ വിദ്യാഭ്യാസത്തിനു അടുത്തും സൌകര്യപ്പെട്ടതുമായ ഹൈസ്കൂൾ, റജിസ്ട്രാപ്പിസ്സ്, മാർക്കറ് മുതലായവ കാട്ടൂരാണ്. ഈ പ്രദേശങ്ങളിലേയും അടുത്തുള്ള പ്രദേശങ്ങളിലേയും ജനങ്ങളുടെ പ്രധാന കാഷ്ടികോല്പന്നമായ അടക്ക, നാളികേരം, നേന്ത്രക്കായ, ചെറുകായ മുതലായവക്കുള്ള മാർക്കറാണ് കാട്ടൂരുള്ളതു്. ആവശ്യമായ സാധനങ്ങൾ ഇവർക്കു വാങ്ങേണ്ടതും ഈ മാർക്കറിൽനിന്നുതന്നെയാണ്. ഈ മാർക്കറിലേക്കും ആസ്പത്രിയിലേക്കും റജിസ്റ്റർ ആപ്പീസിലേക്കും ഹൈസ്കൂളിലേക്കും കരാഞ്ചിറ ലോവർസെക്കണ്ടറി സ്കൂളിലേക്കും ഈ പ്രദേശങ്ങളിലുള്ളവർക്ക് പോകണമെങ്കിൽ എന്റെ ഈ പ്രമേയത്തിൽ പറയുന്ന കാട്ടൂർ കടവു കടന്നേ കഴിയൂ. അതുപ്രകാരംതന്നെ കാട്ടൂർ ചന്തയിൽനിന്നു ചേറ്റുപ്പ്, തുമ്പിവപ്പേശ്വർ,

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker]

മല്ലൂർ മുതലായ പ്രദേശങ്ങളിലേക്കു ഉണക്കമത്സ്യം പലതരം കയർ, പായ മുതലായ നിത്യോപയോഗസാധനങ്ങളും ധാരാളം കടന്നുപോകുന്നതും ഈ കാട്ടർകടവു വഴിയായിട്ടാണു്. കാട്ടർ, വെള്ളാനി താന്നിശ്ശേരി, കാറളം മുതലായ പ്രദേശങ്ങളിൽനിന്നു തൃശ്ശിവപേരൂക്കും തൃശ്ശിവപേരൂർ മുതലായ പ്രദേശങ്ങളിൽനിന്നു മുകുന്ദപുരം താലൂക്കിലെ മേൽപറഞ്ഞ സ്ഥലങ്ങളിലേക്കും യാത്രക്കാർ ഇപ്പോൾ ഇരിങ്ങാലക്കുട വഴിയായിട്ടാണു് ഗതാഗതം ചെയ്യുന്നതു്. വളരെ പണനഷ്ടവും സമയനഷ്ടവും ക്ലേശവും ഈ യാത്രയിൽ അനുഭവിച്ചുവരുന്നു. എടത്തുരുത്തി, കുഴുമംഗലം, എടമുട്ടം ചെന്ത്രാപ്പിണി, പാലപ്പെട്ടി മുതലായ ബ്രിട്ടീഷ്മലബാർ സ്ഥലങ്ങളിൽനിന്നു തൃശ്ശിവപേരൂക്കുള്ള കയർപായ മുതലായ ഇറക്കുമതിയും കാട്ടർവഴിക്കാണു്. മുകുന്ദപുരം താലൂക്കിൽ കാട്ടർ കടവുവരെ വണ്ടിയിൽ കൊണ്ടുവരുന്ന ചരക്കുകൾ വഞ്ചിയിൽ ഇറക്കി കടവുകടത്തി കടവിന്റെ വടക്കേഭാഗം തൃശ്ശിവപേരൂർ താലൂക്കു് ചാഴൂർ പഞ്ചായത്തുവക ജോനകപ്പള്ളി റോഡിൽ കയറ്റിവച്ചു് വേറെ വണ്ടി കൊണ്ടുവന്നിട്ടുവേണം തൃശ്ശിവപേരൂർ, ചേറ്റു് മുതലായ സ്ഥലങ്ങളിലേക്കും അവിടങ്ങളിലെ മാർക്കറ്റുകളിലേക്കും കൊണ്ടുപോകാൻ. ആസ്പത്രിയിലൊ കട്ടിലിലും പലകയിലും കെട്ടി എടുത്തുകൊണ്ടുപോകുന്ന രോഗികളുടെ കഷ്ടപ്പാടു് കാണേണ്ടതുതന്നെ. അതിലും ഏറ്റവും പരിതാപകമായിട്ടുള്ളതു് വിദ്യാർത്ഥിനികൾ ഏറ്റവും ആഴവും, ഒഴുക്കുമുള്ള ആ പുഴ വർഷകാലത്തു വഞ്ചി കടന്നുപോകുന്നവെന്നുള്ളതാണു്. കൂട്ടികൾ സ്കൂളിലേക്കു് പോയാൽ രക്ഷകർത്താക്കൾക്കു് ഒരിക്കലും മനസമാധാനം ഉണ്ടാവുകയില്ല. അതു് വർഷകാലങ്ങളിലായാൽ പ്രത്യേകിച്ചും പറയേണ്ടതില്ലല്ലൊ. സമയവും സൌകര്യവും നോക്കിയും തക്കവും തരവും നോക്കിയും മാത്രമെ വഞ്ചി ഇറക്കുവാൻ സാധിക്കുകയുള്ളു. ഈ കടവിനു മുമ്പു വലിയ പ്രാധാന്യമുണ്ടായിരുന്നില്ലെങ്കിലും കാട്ടർ സ്കൂൾ ഹൈസ്കൂൾ ആയതിനുശേഷവും, ആസ്പത്രി കാട്ടരിൽ സ്ഥാപിച്ചതിനുശേഷവും കുറിമ്പിലാവു്, കാട്ടർ റജിസ്ട്രാപ്പീസ്സിനോടു് സംഘടിപ്പിച്ചതിനുശേഷവുമാണു് ഈ വഴിക്കു് പ്രാധാന്യമുണ്ടായിട്ടുള്ളതു്. എന്നതന്നെയല്ല, പഞ്ചായത്തിൽനിന്നു ഈ കടവിലേക്കുള്ള മുകുന്ദപുരം താലൂക്കിലേയും തൃശ്ശിവപേരൂർ താലൂക്കിലേയും വഴികളും നന്നാക്കികൊണ്ടു വന്നിട്ടുണ്ടു്. വാഹനങ്ങളും മറ്റും ധാരാളമായി ഈ കടവിന്റെ അപ്പുറത്തും, ഇപ്പുറത്തുമുള്ള റോഡുകളിൽവന്നു നിന്നുകൊണ്ടാണു് സാമാനങ്ങൾ കയറ്റിയും, ഇറക്കിയും കൊണ്ടുപോകുന്നതു്. ധാരാളം വണ്ടികൾ ആവഴിക്കു് ഗതാഗതം ചെയ്തുണ്ടു്. അടയ്ക്കു ഉണ്ടാകുന്ന കാലങ്ങളിൽ, അതായതു് മേടമാസം മുതൽ വൃശ്ചികമാസംവരെ ഈ പ്രദേശങ്ങളിൽനിന്നു് കാട്ടർ ചന്തയിലേക്കു് കൊണ്ടുപോയിട്ടാണു് വില്പന നടത്തുന്നതു്. ഇങ്ങിനെ വ്യാപാരികൾക്കും, വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും, മറ്റെല്ലാ യാത്രക്കാർക്കും ഒരുപോലെ ഉപകരപ്രദമായ ഏറ്റവും പ്രധാനമായിട്ടുള്ള ഈ വഴികളിൽ രണ്ടിൽ സംഘടിപ്പിച്ചു് ഒരു പാലം ഉണ്ടാക്കേണ്ടതായ അത്യാവശ്യകതയെപ്പറ്റി ഒന്നു രണ്ടുപ്രാവശ്യം സ്ഥലം സന്ദർശിച്ചിട്ടുള്ള ചീഫ് എൻജിനീയർ അവർകൾക്കു് നല്ല ബോദ്ധ്യം വന്നിട്ടുള്ളതാണു്. മാത്രമല്ലാ അവശ്യം ആവശ്യമാണെന്നു സമ്മതിച്ചിട്ടുള്ളതും അടിപ്രായപ്പെട്ടിട്ടുള്ളതുമാണു്. എന്നാൽ തല്ക്കാലം നമ്മുടെ ബഡ്ജറ്റ് കമ്മിയായിട്ടുള്ള സംഗതി ഞാൻ തീരെവിസ്മരിക്കുന്നില്ല. എന്നിരുന്നാലും ഒരു പഞ്ചവത്സരപദ്ധതിയിൽപെടുത്തി അടുത്തുതന്നെ പണിയുടങ്ങാമെന്നു ഒരിക്കൽകൂടി ഇതിനു് ഒരു അഷ്വറൻസു ഗവർമ്മെണ്ടു് തരണം എന്നുമാത്രമെ ഇപ്പോൾ ഞാൻ ആവശ്യപ്പെടുന്നുള്ളു. ഇതിനു് ഉരുണ്ടു പുരണ്ടുള്ള മറുപടിപറയാതെ ഇതു് ചെയ്യുമെന്നു് ഉറപ്പു പറയണം. ഇതിന്റെ ആവശ്യം എത്രത്തോളം ഉണ്ടെന്നുള്ളതു് സ്ഥലത്തുവന്നു് അന്വേഷിച്ചാൽ മാത്രമേ ബോദ്ധ്യമാവുകയുള്ളു. അതു് ചീഫ് എൻജിനീയർ അവർകൾക്കു് പരിപൂർണ്ണമായ വിശ്വാസം വന്നതുകൊണ്ടാണു് കഴിയുന്നതും വേഗത്തിൽ ചെയ്യുമെന്നു് ഉറപ്പുപറഞ്ഞിരുന്നതു്. ഇതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർക്കു് നല്ലവണ്ണം അറിയാവുന്നതാണു്. അദ്ദേഹവും ഇതിന്റെ ആവശ്യകതയെ സംബന്ധിച്ചു ഉൽബോധിപ്പിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ടു് യാതൊരു വിസമ്മതമൊ ഒഴിവുകഴിവൊ മുടന്തൻന്യായങ്ങളൊ ഫണ്ടില്ലാവാദമൊ പറഞ്ഞുപദ്രവിക്കാതെ എന്റെ ഈ അപേക്ഷ സ്വീകരിക്കുമെന്ന വിശ്വാസത്തോടെ ഈ നിയമസഭയുടെ സ്വീകരണത്തിന്നായി ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ടി. അച്യുതൻ: ഗവണ്മെൻറ ഇപ്പോൾ ഒരു പുതിയ പാലംപണി പദ്ധതി തുടങ്ങാൻപോകുന്നുണ്ടല്ലോ. അതിൽ ഈ പാലത്തിൻെറ പണികൂടി ഉൾപ്പെടുത്തരുതെ? അതുപോലെ മുപ്പിളിയത്തും പാലം അത്യാവശ്യമാണ്. അതിൻെറ പണിയുംകൂടി ഉടനെ തുടങ്ങാൻ നോക്കണം. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: ഗവണ്മെൻറ ഈ രാജ്യത്തു പ്രധാനമായി ഇതു പാലം കെട്ടണമെന്നു തീരുമാനിച്ചാൽ അതു ഇത്ര കാലംകൊണ്ടു തീരുമെന്നു കണക്കാക്കരുതെ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇപ്പോൾ കെട്ടാൻ തീരുമാനിച്ചിട്ടുള്ള ചില പ്രധാന പാലങ്ങൾ പണികഴിയുമ്പോൾ മറെറ പ്രധാന പാലങ്ങളുടെ കാര്യം പുനരാലോചിക്കും.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ പാലം അതിൽ ഉൾപ്പെട്ടുമൊ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കണ്ടുവള്ളി പാലം ഉൾപ്പെട്ടുമൊ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: ചൊവ്വര പലം ഉൾപ്പെട്ടുമൊ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: വൈപ്പിൻ–പള്ളിപ്പുറം പാലംപോലെയുള്ള വലിയ പാലം അല്ലല്ലൊ. ഇതു ഒരു ചെറിയ പാലം അല്ലെ? അപ്പോൾ ഇതു അതിനുമുമ്പു തീർത്തുകൊടുക്കരുതെ?

റാവുസാഹിബ് കെ. അയ്യപ്പൻ: വലിയപാലങ്ങൾ കെട്ടുന്നുണ്ടെന്നുവെച്ചു ചെറിയ പാലങ്ങൾ കെട്ടാതെയിരിക്കുന്നില്ല. വടുതല-ചിറവർ പാലം ഈ കൊല്ലംതന്നെ കെട്ടാൻ പോകുന്നുണ്ട്. അതുപോലെ മൂക്കന്നിക്കര പാലം കെട്ടാൻപോകുന്നുണ്ട്.

വളരെ പിരിഞ്ഞും ഉരുണ്ടുപുരണ്ടുമുള്ള മറുപടി പറയരുതെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടു സ്വല്പം വിഷമമുണ്ട്. ഉള്ള സംഗതി പറഞ്ഞാൽ ആളുകൾക്കു രസമാകുകയില്ല. അല്പം സ്വല്പം ഉരുണ്ടുപുരണ്ടു പറഞ്ഞാൽ കേൾക്കുന്നവർക്കു ഒരു സുഖംതോന്നും. അതുകൊണ്ടാണു ഉരുണ്ടുപുരണ്ടു പറയേണ്ടിവരുന്നതു.

പരമാർത്ഥം പറഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസംഗിച്ചതുപോലെയുള്ള മരത്യാവശ്യ പാലമാണു ഇതെന്നുള്ള ഒരു റിപ്പോർട്ടല്ല ഗവണ്മെൻറിനു കിട്ടീട്ടുള്ളതു. എങ്കിലും ഗവണ്മെൻറ് ഇതു റോഡുബോർഡിൽ വെയ്ക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ ഇതിനെകുറിച്ചു ഇപ്പോഴൊന്നും പറയാനില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ. ഈ പാലം അത്യാവശ്യമല്ലെ?

റാവുസാഹിബ് കെ. അയ്യപ്പൻ: എല്ലാ സ്ഥലത്തെ പാലങ്ങളും അത്യാവശ്യമാണ്. ഒരു സ്ഥലത്തെ പാലവും അനാവശ്യമാണെന്നു പറയുന്നില്ല. പക്ഷെ ഗവണ്മെൻറിൻെറ കഴിവുനോക്കിട്ടുവേണം അതിലേതു ആദ്യംതുടങ്ങുവാൻ സാധിക്കുക എന്നു തീരുമാനിക്കാൻ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാകാര്യങ്ങളും ശ്രദ്ധിച്ചിട്ടുണ്ട്. അതുകൊണ്ടു ഈ പാലത്തിൻെറ കാര്യം റോഡുബോർഡിൻെറ ശ്രദ്ധയിൽ പെടുത്തുകയും, അവർ അതു പണിയണൊ വേണ്ടയൊ എന്നു തീരുമാനിക്കുകയും ചെയ്യും എന്നു മാത്രമേ പറയാൻ നിവൃത്തിയുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി അവർകളുടെ മറുപടി ഒരിക്കലും തൃപ്തികരമല്ല. കാരണം, എത്രയൊ ഭീമമായ സംഖ്യ ചിലവുചെയ്തു എറണാകുളം–വൈപ്പിൻ പാലം കെട്ടാൻ പോകുന്നതു റോഡുബോർഡിൻെറ നിർദ്ദേശമനുസരിച്ചാണൊ എന്നു ഞാൻ ചോദിക്കുന്നു. കണ്ടുവള്ളി പാലം ഒരുപഞ്ചവത്സരപദ്ധതിയിലൊ ദശവത്സരപദ്ധതിയിലൊ ഉൾപ്പെട്ടുത്തിട്ടെങ്കിലും പണികഴിക്കണമെന്നു ഞാൻ ആവശ്യപ്പെട്ട അതു റോഡുബോർഡിൻെറ ശ്രദ്ധയിൽ പെടുത്തിട്ടുണ്ടെന്നു ഒരു മറുപടി അടുത്തദിവസം എനിക്കുകിട്ടി. ഈ പാലത്തിൻെറ കാര്യവും റോഡുബോർഡിൽപെടുത്താമെന്നു പറയുന്നു. ഇങ്ങിനെ എല്ലാ പണിയും റോഡുബോർഡിൻെറ ശ്രദ്ധയിൽ പെടുത്തുതോ എന്നാണ് ഞാൻ ചോദിക്കുന്നതു. എറണാകുളം–വൈപ്പിൻ കര പാലത്തിൻെറ കാര്യം റോഡുബോർഡിൽ വെക്കാതെ ഭീമമായ സംഖ്യ ചിലവുചെയ്യാൻ ശ്രമിക്കുന്നതു ആശാസ്യമാണൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: എറണാകുളം-വൈപ്പിൻ കര പാലം പണി ആദ്യ യകരമായ ഒരു കൃാപിറ്റൽ സ്റ്റീമിൽ പെട്ടതാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതുപോലെ ഈ പാലം പണിയാൻ കഴിയുമോ എന്നു ഗവൺമെൻറ അന്വേഷണം നടത്തിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഗവൺമെൻറ ഈ പാലത്തിൻെറ കായ്യം റോഡു ബോർഡിൽ വെയ്ക്കാൻപോകുന്നുണ്ട്. പാലം പണിയേണ്ട എന്നഉദ്ദേശംകൊണ്ടല്ല റോഡു ബോർഡിൽ വെയ്ക്കുന്നതു. അതു പാലം പണിയാൻ പോകുന്നതിൻെറ പ്രാരംഭ നടപടിയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എറണാകുളം—വൈപ്പിൻ പാലത്തെ സംബന്ധിച്ചു് എന്തുകൊണ്ടാണ് ഈ പ്രാരംഭ നടപടി വേണ്ടെന്നുവെച്ചതു്? എത്ര ഹർജികൾ കുണ്ടു വള്ളി പാലത്തെ സംബന്ധിച്ചു കിട്ടീട്ടുണ്ടു്. അതിനെ സംബന്ധിച്ചു റിപ്പോർട്ടിൽ അതു പ്രാധാന്യമല്ലെന്നു പറഞ്ഞിട്ടുണ്ടോ? അതിൻെറ പ്രാധാന്യത്തെ സംബന്ധിച്ചു് വല്ല അന്വേഷണവും ഇതുവരെ ചെയ്തിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: പ്രാധാന്യമില്ലെന്നല്ല, അടിയന്തിരാവശ്യമല്ലെന്നാണു പറഞ്ഞതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എറണാകുളം—വൈപ്പിൻ പാലത്തിൻെറ അടിയന്തിരാവശ്യം കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റ് സമ്മേളനം സാക്ഷ്യംവഹിക്കുന്നു. ആവശ്യമെന്നും അത്യാവശ്യമെന്നും രണ്ടുണ്ടു്. ഷർട്ട്, കോട്ട, തൊപ്പി ഇതൊക്കെ ആവശ്യമാണ്. പക്ഷെ ചുറ്റുന്നമുണ്ട് അത്യാവശ്യമാണ്, ഉടുക്കാതെ നിവൃത്തിയില്ല. അതുപോലെ അത്യാവശ്യമാണോ എറണാകുളം-വൈപ്പിൻ കര പാലം?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അതു ഒരു കച്ചവടംപോലെയുള്ള കാര്യമാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതുപോലെ കുണ്ടുവള്ളിക്കടവു ഒരു കച്ചവടമായി പറയുമോ എന്നു അന്വേഷിച്ചറിഞ്ഞോ? ഇതു റോഡുബോർഡിൻെറ ശ്രദ്ധയിൽ പെടുത്തീട്ടുണ്ടെന്നു പറഞ്ഞു ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതുശരിയല്ല.

സർ, പണം ഇല്ലെങ്കിൽ പണമില്ലെന്നു പറയുക. അല്ലെങ്കിൽ പണമുണ്ടാക്കാനുള്ള വഴിനോക്കുക. കാട്ടർ കടവിൽ കെട്ടുവാൻ ഞാൻ ആവശ്യപ്പെട്ടതു പാലം അത്യാവശ്യമുള്ളതാണ്. ഇതിൽ ഇനികാലതാമസം വരുത്താൻ പാടില്ല. ഒന്നുകിൽ ഞങ്ങളുടെ രാജ്യത്തിൽ ഒരു ഹൈസ്കൂൾ, ഒരു ആശുപത്രി, ഒരു റജിസ്ട്രാപ്പീസ്, ഞങ്ങളുടെ കാർഷികോല്പന്നങ്ങൾ വിനിമയംചെയ്യുന്നതിന്നും ഞങ്ങൾക്കാവശ്യമായ സാമാനങ്ങൾ വാങ്ങുന്നതിന്നും ഒരു മാർക്കറ്റ ഇതൊക്കെ ഉണ്ടാക്കുക. അല്ലെങ്കിൽ കുട്ടികളെ മലവെള്ളക്കാലത്തു സ്കൂളിലേയ്ക്കു പറഞ്ഞയച്ചു അച്ഛനമ്മമാർക്കു ആ കുട്ടികൾ തിരിച്ചുവരുന്നതുവരെ മനസമാധാനമില്ലാതെ വെന്തുരുകുന്ന ഹൃദയത്തോടുകൂടി ഇരിക്കാൻ ഇടവരുത്താതെ അവിടെ ഒരു പാലം കെട്ടിത്തരിക. ഇതാണ് എനിക്കു ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കാനുള്ളതു. നിങ്ങളുടെ ഞരുടേയും കുട്ടികളെ ഇത്തരം അപായകരമായ പുഴകടത്തി സ്കൂളിലേക്കയക്കേണ്ട ആവശ്യമില്ലല്ലൊ എന്നു വിചാരിച്ചു് ഇക്കാര്യത്തിൽ ഇനി ഉദാസീനത കാണിക്കരുതു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അവക്കിവിടെ നല്ല സ്കൂളുകളുണ്ടു്. പിന്നെ എന്തിനു അങ്ങോട്ടുപറഞ്ഞയയ്ക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു ശരിയാണ്. എതായാലും എത്രയും വേഗത്തിൽ ആ പാലം കെട്ടണമെന്നു ഒരിക്കൽക്കൂടി ഊന്നി പറഞ്ഞുകൊണ്ടു ഈ നിയമസഭയുടെ അനുമതിയോടുകൂടി ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resolution, by leave, withdrawn

(7) Pariyaram-Kuttikad road—Extension of

Mr. P. K. Paul (*Chalakudi*): *I move that this Council recoommends to Government that Pariyaram—Kuttikad road be extended to meet the Kormala Road passing through Kurkamattam and the Reserve Forest by constructing a bridge on the "Kappathodu"*

LIBRARY ARCHIVES Kerala Legislative Assembly